ആവശ്യമായ നടപടി നടത്താമെന്ന് അദ്ദേഹം ഉറപ്പു നൽകിയതുമാണ്. അതു കൊണ്ട് അടിയന്തിരമായി ആ റോഡിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഈ റോഡിന്റെ നിർമ്മാണ ജോലികൾ സംബന്ധിച്ച് ഇപ്പോൾത്തന്നെ ധാരാളം ചർച്ചകൾ നടന്നു. പണി പൂർത്തിയാക്കാനുള്ള എല്ലാ ഏർപ്പാടുകളുമായിട്ടുണ്ട്.

(8) രണ്ട് ഹെക്ടർവരെ കൃഷിഭൂമിയുള്ള കൃഷിക്കാർക്ക് ക്ഷേമനിധി

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഞാൻ ഉന്നയിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ കർഷകർ കഴിഞ്ഞ കുറെ കൊല്ലങ്ങളായി വമ്പിച്ച പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ചും 1991ൽ അധികാരത്തിൽവന്ന നരസിംഹറാവു ഗവൺമെന്റ് എടുത്ത ഉദാരവൽകരണ നയത്തിന്റെയും ഗാട്ടു കരാറിന്റെയും ഭാഗമായി കാർഷിക ഉല്പന്നങ്ങൾക്ക് വിലകിട്ടാത്തതിന്റെ ഫലമായി വന്നുചേർന്നതാണ്. ഇപ്പോൾ കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന ഗവൺമെന്റും ആ നയത്തിന്റെ ചുവടുപിടിച്ചുകൊണ്ട് വിദേശ കുത്തകകൾക്കും ഇൻഡ്യൻ കുത്തകകൾക്കും വേണ്ടി ആ നയം നടപ്പിലാക്കുന്നതുകൊണ്ടാണ് കാർഷിക മേഖല തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്നത്. ഉല്പന്നങ്ങൾക്ക് വിലയില്ല. പിടിച്ചു നിൽക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് കർഷകരുടെ നിലപാട്. പണ്ട് കേരളത്തിലെ പ്രിയങ്കരനായ മഹാകവി വള്ളത്തോൾ പാടിയത്

സ്നേഹിതാ കർഷകാ മിഥ്യപരിഷ്ക്കാരാ
മോഹിതർക്ക് അങ്ങൊരു മോശക്കാരൻ
എന്നാൽ ഭവാനുടെ നിശബ്ദ യജ്ഞത്തിൽ
ഇന്നാണീ മന്ത്രത്തിൻ ഘോഷമെല്ലാം.

കർഷകരെപ്പറ്റി അങ്ങനെയാണ് മഹാകവി പാടിയത്. കർഷകനെപ്പറ്റി അങ്ങനെയാണ് മഹാകവി പണ്ടുകാലത്ത് വർണ്ണിച്ചത് എങ്കിലും കർഷകരെ ഇന്നത്തെ തകർച്ചയിൽനിന്നും രക്ഷിക്കുന്നതിനുവേണ്ടി രണ്ടു ഹെക്ടർ വരെ, അഞ്ചേക്കർവരെയുള്ള ജലസേചന സൗകര്യമുപയോഗിച്ച് കൃഷി നടത്തുന്ന കൃഷിക്കാർക്ക് ക്ഷേമനിധി ഏർപ്പെടുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ബഡ്ജറ്റിനെപ്പറ്റിയുള്ള ചർച്ച നടന്നുകൊണ്ടിരിക്കുന്ന സന്ദർഭമായതുകൊണ്ട്, മറ്റെല്ലാ വിഭാഗങ്ങൾക്കും ക്ഷേമനിധിയുണ്ട്. പക്ഷെ നമ്മുടെ സമ്പദ്ഘടനയുടെ നട്ടെല്ലായ കൃഷിക്കാരെ സഹായിക്കാനുള്ള ഫലപ്രദമായ ഒരു നടപടിയുമില്ല. നേരത്തെ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ഒരു നടപടി കൊണ്ടുവന്നു. പക്ഷെ അത് ഇന്ന് എവിടെയുമില്ല. അത് യഥാർത്ഥത്തിൽ കൃഷിക്കാരെ പറ്റിക്കാനുള്ള ഒരു നടപടിയായി മാറിക്കഴിഞ്ഞിരിക്കുകയാണ്. മാസത്തിൽ ഒരു നിശ്ചിത തുക കിട്ടത്തക്കവിധത്തിൽ കൃഷിക്കാരന്റെ കൂടെ പങ്കാളിത്തത്തോടുകൂടി ഒരു ക്ഷേമനിധി ഏർപ്പെടുത്തണം. രാജ്യത്തെ മണ്ണിൽ അധ്വാനിക്കുന്ന കർഷകന് സംരക്ഷണം കിട്ടത്തക്കവിധത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ കൃഷിക്കാരെ നശിപ്പിക്കുന്ന നയത്തിന്റെ കെടുതയിൽനിന്നും കേരളത്തിലെ ചെറുകിട ഇടത്തരം കൃഷിക്കാരെ രക്ഷിക്കത്തക്കവിധത്തിലുള്ള ഒരു ക്ഷേമനിധി പ്രഖ്യാപിക്കണം. അങ്ങനെ കൃഷിക്കാരെ രക്ഷിക്കുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഗവൺമെന്റിന്റെ ഭാഗത്തു നിന്നും നടപടി ഉണ്ടാകണമെന്ന് വിനയപൂർവം അപേക്ഷിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ശ്രീ. സി.പി. ബാലൻ വൈദ്യർ ഉന്നയിച്ച പ്രശ്നം വളരെ പ്രധാനപ്പെട്ടതാണ്. ചെറുകിട നാമമാത്ര കർഷകർക്ക് ആശ്വാസ പദ്ധതിക്കായി ഒരു കർഷക രക്ഷക് പദ്ധതി പത്തുലക്ഷം കർഷകരെ ഉൾപ്പെടുത്തിക്കൊണ്ട് നമ്മുടെ സംസ്ഥാനത്തു നടപ്പാക്കിവരികയാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് നമ്മുടെ സംസ്ഥാനത്ത് അഞ്ചേക്കർവരെ കൃഷിഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകരെ ഉൾപ്പെടുത്തിക്കൊണ്ട് ഗവൺമെന്റിന്റെ അംശദായത്തോടുകൂടി ക്ഷേമനിധി രൂപീകരിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(9) കോട്ടത്തറ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ പമ്പുസെറ്റുകളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്ന നടപടി

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, വയനാട് ജില്ലയിൽപ്പെട്ട എന്റെ നിയോജകമണ്ഡലത്തിലെ കോട്ടത്തറ പഞ്ചായത്തിൽ കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ സ്വകാര്യ വ്യക്തികളുടെ മാത്രമല്ല, ഗവൺമെന്റ് അംഗീകൃത പാടശേഖരങ്ങളുടെവരെ വിച്ഛേദിച്ചിരിക്കുകയാണ്. ഇതുസംബന്ധിച്ച് അഞ്ചെട്ട് പരാതി അടുത്തദിവസം ലഭിക്കുകയുണ്ടായി. ഇതുമൂലം നൂറുകണക്കിന് ഏക്കർ വയൽ ഉണങ്ങാൻ പോകുകയാണ്. അടിയന്തിരമായി വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിച്ച് അവർക്ക് കണക്ഷൻ കൊടുക്കാനുള്ള നടപടികളുണ്ടാകണം. വൈദ്യുതി സൗജന്യമാണ്. കൃഷി ഡിപ്പാർട്ടുമെന്റ് പണം അടയ്ക്കേണ്ടതുണ്ടോ എന്ന് എനിക്കറിയില്ല. അത് ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള കാര്യമാണ്. അനധികൃതമായി വൈദ്യുതി കണക്ഷൻ കട്ടുചെയ്ത ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടിയെടുക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്ട് 1910-ലെ സെക്ഷൻ 24 പ്രകാരം വൈദ്യുതി ചാർജിനത്തിൽ കുടിശ്ശിക വരുത്തിയാൽ പ്രസ്തുത ഉപഭോക്താവിന്റെ വൈദ്യുതി ബന്ധം വിച്ഛേദിക്കാൻ ബോർഡിന് അധികാരമുണ്ട്. ബഹുമാനപ്പെട്ട മെംബർ സൂചിപ്പിച്ച കോട്ടത്തറ പഞ്ചായത്തിലെ പമ്പുസെറ്റുകൾക്ക് നൽകിയ വൈദ്യുതി കണക്ഷനുകളുടെ ഉപഭോക്താക്കൾ ദീർഘകാലമായി വൈദ്യുതി ചാർജ്ജ് കൊടുക്കുന്ന കാര്യത്തിൽ വീഴ്ച വരുത്തിവരികയാണ്. കൃഷി ഭവനിൽനിന്നോ ഉപഭോക്താക്കളിൽനിന്നോ ഈ ചാർജ് കിട്ടിയില്ലെങ്കിൽ വൈദ്യുതി വിച്ഛേദിക്കുമെന്ന് വളരെ മുമ്പേതന്നെ രേഖാമൂലം അറിയിച്ചിരുന്നു. അടുത്തകാലത്ത് ഈ കാര്യം പരസ്യപ്പെടുത്തുകയും ചെയ്തു. മാത്രമല്ല, 1999 ഡിസംബർ 23, 24 തീയതികളിൽ വാഹനങ്ങൾ ഉപയോഗിച്ച് ഉച്ചഭാഷണികളിലൂടെ ഉപഭോക്താക്കളെ ഈ കാര്യം അറിയിക്കുകയും ചെയ്തിരുന്നു. എന്നിട്ടും വൈദ്യുതി ചാർജ് അടയ്ക്കാതിരുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷനാണ് വിച്ഛേദിച്ചിട്ടുള്ളത്. എന്നിരുന്നാലും ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മെംബർ ഉന്നയിച്ചിട്ടുള്ള കാര്യം കൃഷി വകുപ്പുമായി ആലോചിച്ച് കൃഷി വകുപ്പിന്റെ കൂടി അഭിപ്രായം പരിഗണിച്ചുകൊണ്ട് പെട്ടെന്ന് ഒരു തീരുമാനം അനുകൂലമായി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly